(ബി) അവയുടെ ആകെ അധികൃതമൂലധനവും പ്രവർത്തനമൂലധനവും എത്ര വരും ;

(സി) റിസർവ് ബാങ്കിന്റെ നിയന്ത്രണം ഇവിടത്തെ ബാങ്കുകളുടെ പ്രവർത്തനത്തിന് കോട്ടം വരുത്തിയിട്ടുണ്ടോ ;

(ഡി) എന്തെല്ലാം വിധത്തിലുള്ള നിയന്ത്രണാധികാരമാണ് റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യയ്ക്കുള്ളതു് ?

(ഇ) റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലല്ലാതെ സ്റ്റേറ് വകയായി ഒരു ബാങ്ക് തുടങ്ങുന്നതു് ഇവിടത്തെ സാമ്പത്തികഭദ്രതയ്ക്ക് വഴിതെളിക്കുകയില്ലേ ;

(എഫ്) അത്തരം ഒരു ബാങ്ക് തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 167.

(ബി) അധികൃതമൂലധനം രൂപ 10,88,00,000.
പ്രവർത്തനമൂലധനം രൂപ 3,34,44,738.

(സി) റിസർവ്വ് ബാങ്കിന്റെ നിയന്ത്രണംമൂലം ഇവിടത്തെ ബാങ്കുകളുടെ പ്രവർത്തനത്തിന് കോട്ടം തട്ടിയിട്ടുള്ളതായി ഗവണ്മെൻറിന് അറിവില്ല ;

(ഡി) ഇൻഡ്യൻ ബാങ്കിംഗ് കമ്പനീസ് ആക്ടിന് 1949 (X of 1949)-ൽ വിവരിച്ചിരിക്കുന്ന നിയന്ത്രണാധികാരങ്ങളെല്ലാം റിസർവ്വ് ബാങ്കിനുണ്ട്.

(ഇ) ഇൻഡ്യൻ ബാങ്കിങ്ങ് കമ്പനീസ് ആക്ടിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ സ്റ്റേറ് വകയായി ഒരു ബാങ്ക് തുടങ്ങുവാൻ സാദ്ധ്യമല്ല ;

(എഫ്) (ഇ)-യിലെ ഉത്തരം കൊണ്ട് ഈ പ്രശ്നം ഉദിക്കുന്നില്ല.

പുതിയ ബേസിക്ക് സ്കൂളുകൾ

* 411. [45] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56 വിദ്യാലയവർഷത്തിൽ സ്റ്റേറിൽ എത്ര പുതിയ ബേസിക്ക് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട് ; എവിടെയെല്ലാം;

(ബി) ബേസിക്ക് സ്കൂളുകളിലേക്ക് വേണ്ടതായ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനു എത്ര ടെയിനിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട് ; എവിടെയെല്ലാം;

(സി) പ്രസ്തുത ടെയിനിംഗ് സ്കൂളുകളിലാകെ എത്ര അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നുണ്ട് ;

(ഡി) സ്റ്റേറിലെ എല്ലാ പ്രാഥമിക വിദ്യാലയങ്ങളും അടിസ്ഥാനവിദ്യാലയങ്ങളായി രൂപാന്തരപ്പെടുത്താൻ എത്ര കൊല്ലം വേണ്ടിവരും;

(ഇ) അവശ്യം വേണ്ട അദ്ധ്യാപകർക്കു പരിശീലനം നൽകാൻ ഇന്നത്തെപരിപാടി മതിയാകുമോ; പോരെങ്കിൽ എന്തു പുതിയ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു.?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) † 32. ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) † 12. ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) 886

(ഡി) ഉദ്ദേശം 15 കൊല്ലം

(ഈ) ഗവണ്മെൻറിൽ നിന്നും ആവിഷ്കരിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ വിപുലീകരണപദ്ധതിയിൽ വേണ്ടത്ര അദ്ധ്യാപകർക്കു പരിശീലനം നൽകുവാനുള്ള പരിപാടിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുമൂലം സംസ്ഥാനത്തിൻറെ ആവശ്യാനുസരണം അദ്ധ്യാപകരെ പരിശീലിപ്പിക്കുവാൻ സാധിക്കുമെന്നാണ് ഗവണ്മെൻറ് വിശ്വസിക്കുന്നത്.

ഇലക്ട്രിസിറ്റി വിതരണം.

*412. [46] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്ഥലത്തേയ്ക്ക് ഇലക്ട്രിസിറ്റി വിതരണം ചെയ്യുവാനുള്ള മാനദണ്ഡമെന്താണ്;

(ബി) അതു നിശ്ചയിക്കുന്നതു ആരാണ്;

(സി) പി. ഡബ്ലിയു. ഡി. വർക്ക്സ് കമ്മറ്റി പോലെ ഇലക്ട്രിസിറ്റി സംബന്ധിച്ചും ഒരു കമ്മിറ്റിയെ നിയോഗിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇന്നു നിലവിലുള്ള ഏർപ്പാടു് അനുസരിച്ചു് ഒരു സ്ഥലത്തേയ്ക്കു് ഇലക്ട്രിസിറ്റി വിതരണം നടത്തുന്നതിനു് മുതൽ മുടക്കിൻറെ 5 ശതമാനം വാർഷിക ആദായം ലഭിക്കുമെന്നു ബോദ്ധ്യം വരുകയോ അല്ലാത്തപക്ഷം ഈ നിരക്കനുസരിച്ചുള്ള ആദായത്തിനു കക്ഷികളിൽ നിന്നും മിനിമം ചാർജ്ജിന്റെ എഗ്രിമെൻറ് കിട്ടുകയോ വേണം.

(ബി) മാനദണ്ഡം നിശ്ചയിക്കുന്നതു് ഗവണ്മെൻറാണ്. എന്നാൽ ഏതെങ്കിലും ഒരു പദ്ധതി ഗവണ്മെൻറ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചു് ആദായകരമായിട്ടുള്ളതാണോ എന്നു നിശ്ചയിക്കുന്നതു് ചീഫ് ഇഞ്ചിനിയരും സൂപ്രണ്ടിംഗ് ഇഞ്ചിനിയർമാരും ആകുന്നു.

(സി) ഈ കാര്യം ഗവണ്മെൻറിൻറെ ആലോചനയിൽ ഇരിക്കുകയാണ്.

വർക്ക്സ് കമ്മിറ്റി.

*413. [47] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞബഡ്ജറ്റ് സമ്മേളനത്തിനുശേഷം ഏതെല്ലാം സബ്ഡിവിഷനുകളിൽ വർക്ക്സ് കമ്മിറ്റി കൂടിയിട്ടുണ്ട്;

(ബി) മൂവാറ്റുപുഴ സബ്ഡിവിഷൻ കമ്മിറ്റി കൂടാതിരിക്കുവാൻ ഉള്ളകാരണം എന്താണ്;

† Please see Appendix V.

LIBRARY ARCHIVES Kerala Legislative Assembly

(h) to open branches, where necessary, in its area of operations, with the previous approval of the Registrar,

(i) to receive for safe custody securities, ornaments and valuables,

(j) to act as agents in the Travancore-Cochin State, for the Government of Travancore-Cochin or for public bodies, public trusts or funds, local bodies and of State-owned or controlled endowments or funds or of any Bank or Bankers and turn to account the money securities, or effects belonging to any of these in such manner and on such terms as may be mutually agreed upon between the Bank and the other party, with the sanction of the Registrar,

(k) to undertake liquidation work of affiliated societies indebted to the Bank on conditions laid down by the Registrar with a view to facilitate recoveries from the affiliated societies,

(l) to provide for inspection by the Bank of the Co-operative institutions affiliated to it ; and

(m) generally to undertake such activities as may be conducive to the attaining of the above objects.

APPENDIX V

[Please see Answer to ❋ Question No. 411 (45)

List of Basic Training Schools.

1. Basic Training School, Theroor (new).
2. Basic Training School, Chengannur (new).
3. Basic Training School, Muvattupuzha (new).
4. Basic Training School, Neyyattinkara (converted).
5. Basic Training School, Attingal (converted).
6. Basic Training School, Thiruvella (converted).
7. Basic Training School, Alleppey (attached to Moh. H. S.—converted).
8. Basic Training School, Velloor (attached to H. S. new).
9. Basic Training School, Ettumanoor (converted).
10. Basic Training School, attached to H. S. Mangayil (Maradu, (converted.)
11. Basic Training School, attached to H. S. Chittur (converted)
12. Basic Training Inistitution, Cherp

LIBRARY ARCHIVES Kerala Legislative Assembly

List of Junior Basic Schools.

1. Primary School, Vellamadam.
2. Primary School, Ramapuram.
3. Primary School, Keezhcherimel.
4. Primary School, (M. G. S.) Chengannur.
5. Primary School, Mundancavu.
6. Primary School, Muvattupuzha.
7. Town Primary School, Muvattupuzha.
8. Primary School, Marady.
9. Perumpazhuthoor M. S. P. S.
10. Ooruttukala P. S.
11. Primary Section of Basic Training School, Neyyattinkara.
12. Attingal Town Primary School.
13. Avanavancherry Primary School.
14. Primary School attached to Basic Training School, Attingal.
15. Kavumbhagom Primary School.
16. Paliakara Relief P. G. School.
17. Primary School attached to Thiruvella Basic Training School.
18. Alleppey T. D. P. S., Alleppey.
19. Girls H. S. P. S., Alleppey.
20. Primary School attached to Moh. H. S., Alleppey.
21. Pampady M. S. P. S.
22. Meenadom P. G. S., (Pampady).
23. Velloor P. T. M. H. S. P. S.
24. Ettumanoor P. S. (M. G. S.)
25. Peroor P. S. (Ettumanoor, Kottayam).
26. Ettumanoor P. S. attached to Basic Training School.
27. G. P. S. Kundannur (Maradu).
28. R. L. V. H. S. P. S.
29. P. S. of H. S. Mangayil.
30. P. S. attached to G. H. S., Chittur.
31. P. S. attached to Chittur H. S.
32. P. S. Thathamangalam.

LIBRARY ARCHIVES Kerala Legislative Assembly